"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പ്രസിദ്ധീകൃത "മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045"-അന്തിമ അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ. ഡി) വകുപ്പ്

സ.ഉ.(കൈ) നം.144/2026/LSGD തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:-

1. 06.11.2025 ലെ സ. ഉ (കൈ)നം.204/2025/LSGD.
2. 10.11.2025 ലെ കേരള ഗസറ്റ് നമ്പർ 4000 വാല്യം XIV
3. അടൂർ നഗരസഭാ കൗൺസിലിന്റെ 28.01.2026 ലെ 15-ാം നമ്പർ തീരുമാനം.
4. അടൂർ നഗരസഭാ കൗൺസിലിന്റെ 28.01.2026 ലെ 9-ാം നമ്പർ തീരുമാനം.
5. അടൂർ നഗരസഭാ കൗൺസിലിന്റെ 02.09.2026 ലെ 5-ാം നമ്പർ തീരുമാനം.
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ 12.10.2026 ലെ LSGD/PD/20468/2024-TCPB4 നമ്പർ കത്ത്.

ഉത്തരവ്

"മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045"-ന് പരാമർശം (1) പ്രകാരം പ്രസിദ്ധീകരണ അനുമതി നൽകിയിരുന്നു. തുടർന്ന് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പരാമർശം (2) പ്രകാരം നഗരസഭ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതും, രണ്ട് മലയാള ദിനപത്രങ്ങളിലും നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതുമാണ്.

2. പൊതുജനങ്ങളിൽ നിന്ന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും നേരിട്ട് കേൾക്കുന്നതിനായി അപേക്ഷിച്ച വ്യക്തികളെ പരാമർശം (4) പ്രകാരം പുനഃസംഘടിപ്പിച്ച സ്പെഷ്യൽ കമ്മിറ്റി നേരിട്ട് കേൾക്കുകയും, ലഭിച്ച ആക്ഷേപങ്ങളും, അഭിപ്രായങ്ങളും പരിശോധിച്ച് സ്പെഷ്യൽ കമ്മിറ്റിയുടെ അഭിപ്രായങ്ങൾ ഫാറം I-ൽ രേഖപ്പെടുത്തി കൗൺസിലിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിച്ച ആക്ഷേപങ്ങളും

അഭിപ്രായങ്ങളും കൂടി കൗൺസിൽ പരിഗണിച്ച് ആയത് കൂടി പരാമർശം (5) പ്രകാരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഫാറം I-ന്റെ അവസാനം "മറ്റ് നിർദ്ദേശങ്ങൾ" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. സ്പെഷ്യൽ കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ മുനിസിപ്പൽ കൗൺസിൽ അംഗീകരിക്കുകയും മാസ്റ്റർ പ്ലാൻ അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

3. അടൂർ നഗരസഭയുടെയും, ജില്ല ടൗൺ പ്ലാനറുടെയും ശിപാർശകൾ കണക്കിലെടുത്ത് **Rebuild Kerala Initiative** മുഖേനയുള്ള **PforR** ന്റെ **DLI4** നു കീഴിൽ **'Risk informed Master Plan'** എന്ന രീതിയിൽ തയ്യാറാക്കിയ **"മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045"** ന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ച് നൽകുന്നതിനും, "മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045" ന് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ ത്രുപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകുവാനും ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം (6) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പ്രസിദ്ധീകൃത **"മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045"** ന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ടും, "മാസ്റ്റർ പ്ലാൻ ഫോർ അടൂർ ടൗൺ 2045" ന് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ ത്രുപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22, പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, (പ്ലാനിംഗ്), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട

സെക്രട്ടറി, അടൂർ നഗരസഭ

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by Krishnakumar S
Date: 10-11-2026 13:29:27

സെക്ഷൻ ഓഫീസർ